സൂര്യ. എം. കെ
ഒന്നാം വർഷ മലയാളം



# അതിർ വരമ്പുകൾ ഭേദിക്കപ്പെടുമ്പോൾ

ഒരു കൈയിൽ പുസ്തകവും മറുകൈയിൽ ചോക്കുമായി ക്ലാസെടുക്കുന്നതിനിടെ പുരുഷോത്തമൻ മാഷ് വിദ്യാർത്ഥികളോടായി ചോദിച്ചു. "മിശ്ര വിവാഹത്തെ കുറിച്ച് എന്താണ് നിങ്ങളുടെ അഭിപ്രായം" ക്ലാസ് നിശബ്ദമായി. മെല്ലേ മെല്ലേ ക്ലാസ് ശബ്ദമുകരിതമായി തുടങ്ങി. വിദ്യാർത്ഥികൾ പരസ്പരം തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവെച്ചു അവസാനം മുഴുവൻ കുട്ടികളും തങ്ങൾ മിശ്രവിവാഹത്തോട് യോജിക്കുന്നില്ല എന്ന് അഭിപ്രായപ്പെട്ടു.

"ഞാൻ മിശ്രവിവാഹത്തെ അനുകൂലിക്കുന്നു സാർ" എന്ന് പറഞ്ഞ് കൊണ്ട് സലീം എഴുന്നേറ്റ് നിന്നു. വെഴുത്തു മെലിഞ്ഞ സലീമിന്റെ തുടർന്നുള്ള വാക്കുകൾക്ക് വേണ്ടി സഹപാഠികൾ കാതോർത്തു. 'സലീം' എന്ന് പറഞ്ഞ് കൊണ്ട് അവർ പരസ്പരം എന്തൊക്കെയോ പറഞ്ഞ് കൊണ്ടിരിന്നു. ഡെസ്ക്കിൽ തട്ടി ശബ്ദമുണ്ടാക്കി കൊണ്ട് പുരുഷോത്തമൻ മാഷ് ക്ലാസിനെനിയന്ത്രിച്ചതിന് ശേഷം സലീമിനോടായി ചോദിച്ചു "എന്തു കൊണ്ടാണ് മിശ്ര വിവാഹത്തെ അനുകൂലിക്കുന്നത്".

"സാർ, മിശ്രവിവാഹത്തെ കുറിച്ച് പലരും പഠനങ്ങൾ നടത്തിയിട്ടുണ്ട്. അവരെല്ലാം അഭിപ്രായപ്പെട്ടത് അതിന് അനുകൂലമായിട്ടാണ്. ഏറിയ കവികളും ബുദ്ധിജീവികളും സാമൂഹിക പ്രവർത്തകരും മിശ്രവിവാഹത്തിന്

വേണ്ടി വാദിക്കുന്നവരാണ്. മതപരവും ജാതിയവുമായ അതിർ വരമ്പുകളെ തകർക്കാനും മതേത്വരത്വം ഉയർത്താനും സമൂഹത്തിൽ കാലോചിതമായ വിപ്ലവങ്ങൾ സൃഷ്ടിക്കാനും മിശ്ര വിവാഹം വഴി സാധ്യമാവും".സലീമിന്റെ കാഴ്ചപ്പാടുകൾ തുറന്നടിക്കുമ്പോൾ പെൺകുട്ടികൾക്കിടയിൽ നിന്ന ് രണ്ട് കണ്ണുകൾ അവനെസ്സശ്രദ്ധം വീക്ഷിക്കുകയും അവന്റെ വാക്കുകളെ മനസ്സിൽ പതിപ്പിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ചർച്ചയെ പൂർണമാകാൻ അനുവദിക്കാതെ ഉച്ചഭക്ഷണത്തിനുള്ള നീണ്ട മണിയടിച്ചപ്പോൾ പുരുഷോത്തമൻ മാഷ് ക്ലാസ് നിർത്തി സ്റ്റാഫ് റൂമിലേക്ക് പോയി വിദ്യാർത്ഥികളിൽ ചിലർ ക്ലാസ്റൂമിലും മറ്റു ചിലർ കാമ്പസിലെ മരത്തണലിലും പോയിരിന്നു. സലീം ഭക്ഷണം കഴിക്കാനായി കേറ്റീനിലേക്ക് പോകുമ്പോൾ ഗംഗ അവന്റെ അടുത്തേക്ക് വന്ന് കൊണ്ട് ചോദിച്ചു. "വിരോധമില്ലങ്കിൽ നമുക്കാമാവിൻ ചുവട്ടിലിരുന്ന് സംസാരിക്കാമായിരുന്നു". സമ്മതമെന്ന് പറഞ്ഞ് കൊണ്ട് മാവിൻ ചുവട്ടിലെ ചുവന്ന സ്ലാബിൻമേൽ അവർ ഇരുന്നു. കുറച്ചു നേരത്തെ നിശബ്ദധക്ക് ശേഷം ഗംഗ ചോദിച്ചു " മിശ്രവിവാഹത്തെ അനുകൂലിച്ച് സംസാരിച്ചത് മനസ്സിൽ തട്ടിയാണോ? " സലീം അതെയെന്ന് മറുപടി പറഞ്ഞു.

സലീം അതേ ചോദ്യം ഗംഗയോടും ചോദിച്ചു. ഗംഗ പറഞ്ഞുതുടങ്ങി. " മിശ്രവിവാഹം സാമൂഹിക വെല്ലുവിളി ഉയർത്തുന്ന ഒരു പ്രശ്നമാണ്. മതത്തിലും സമുദായത്തിലും ഇത് സൃഷ്ടിക്കുന്ന കോലാഹലം തെല്ലൊന്നുമായിരിക്കില്ല. നിന്റെ ചില വാക്കുകൾ എന്റെ മനസ്സിനെചിന്തിപ്പിച്ചെങ്കിലും അതുകൊണ്ടുണ്ടാകുന്ന ഭവിഷത്തുകളെ കുറിച്ചാലോചിക്കുമ്പോൾ അതിനെഅംഗീകരിക്കാൻ എന്റെ മനസ്സ് അനുവദിക്കുന്നില്ല." അൽപ നേരെത്തെ നിശബ്ദതക്ക് ശേഷം ഗംഗ അവന്റെ മുഖത്തേക്ക് നോക്കി. ചിന്തയിലാണ്ടു കിടക്കുന്ന അവന്റെ മുഖം വളരെ സുന്ദരമായി അവൾക്കനുഭവപ്പെട്ടു. അതിനൊരു 'റൊമാന്റിക്' ഭാവമില്ലേ എന്ന് അവൾ ചിന്തിക്കാതിരുന്നില്ല.

"പക്ഷേ ഗംഗേ, മതചിന്തകൾക്കപ്പുറം മാനവിക മൂല്യം രൂപപ്പെടണമെങ്കിൽ മിശ്രവിവാഹങ്ങൾ നടന്നേ പറ്റൂ." അവന്റെ വാദങ്ങൾ ക്രമേണ ഗംഗയുടെ മനസ്സിനെമാറ്റിമറിക്കുകയായിരുന്നു. മിശ്രവിവാഹം നല്ലതാണ് എന്ന ഒരഭിപ്രായം അവളിൽ രൂപപ്പെട്ടു, പറ്റുമെങ്കിൽ അത് തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കാനും അവൾ ആഗ്രഹിച്ചു.

എല്ലാ ദിവസവും മാവിൻ ചുവട്ടിൽ അവർ സംസാരിച്ചിരിക്കും. ഇടക്കെപ്പൊഴോ വീട്ടുവിശേഷങ്ങളും പിന്നീടെപ്പൊഴോ അവരെപ്പറ്റിത്തന്നെയോ അവർ ചർച്ച ചെയ്യാൻ തുടങ്ങി. പതുക്കെ പതുക്കെ ഒരു പ്രണയത്തിന് അവിടെ വാതിൽ തുറക്കപ്പെടുകയായി.

അവസാനത്തെ പരീക്ഷയും കഴിഞ്ഞതോടെ അവർ ഒരു തീരുമാനത്തിലെത്തി കഴിഞ്ഞിരുന്നു. ഉടൻ വിവാഹിതരാവണം, മതത്തിന്റെ സമുദായത്തിന്റെയും വേലികെട്ടിൽ നിന്നും പൂർണ്ണസ്വതന്ത്രരാവണം. എന്നാൽ ഇക്കാര്യം ഇരുവരുടെയും വീട്ടിലറിഞ്ഞപ്പോൾ മുതൽ പ്രശ്നങ്ങളും ആരംഭിച്ചു തുടങ്ങി. യാഥാസ്ഥിതികരായ ഇരുവീട്ടുകാരും പരിഷ്കൃതരായ മക്കളുടെ തീരുമാനത്തെ അംഗീകരിക്കാൻ തയ്യാറായി


ല്ല. ഗംഗയെ വീട്ടിനു പുറത്തുവിടാതായി. സലീമിന്റെ വീട്ടുകാരെ മഹല്ലിൽ നിന്നും പുറത്താക്കുമെന്ന ഭീഷണിവരെ ഉണ്ടായി. പക്ഷേ എന്തൊക്കെ സംഭവിച്ചാലും മനസ്സുകൊണ്ട് ഒന്നായ തങ്ങളെ പിരിയിക്കാനാവില്ലെന്ന് ഗംഗയും സലീമും തുറന്നടിച്ചു. ഒന്നുകിൽ ജീവിക്കാൻ അനുവദിക്കുക, അല്ലെങ്കിൽ മരിക്കാൻ സമ്മതിക്കുക. എന്ന അവരുടെ ഭീഷണിക്കു മുമ്പിൽ രണ്ടു കുടുംബങ്ങളും കീഴടങ്ങി.

പക്ഷേ പ്രശ്നങ്ങൾ അവിടം കൊണ്ടും അവസാനിച്ചില്ല. ഗംഗ കല്യാണത്തിന് മുമ്പ് ഇസ്ലാം മതം സ്വീകരിക്കണമെന്ന് സലീമിന്റെ വീട്ടുകാരും, സലീം ഹിന്ദുമതം സ്വീകരിച്ചെങ്കിൽ മാത്രമേ ഗംഗയെ വിവാഹം കഴിച്ചു കൊടുക്കൂ എന്ന് ഗംഗയുടെ വീട്ടുകാരും നിർബന്ധം പിടിച്ചു. അപ്പോഴാണ് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വേണ്ടി ഇരുകുടുംബങ്ങളേയും ഒന്നിച്ചിരുത്തി സംസാരിക്കാൻ കോളേജിലെ ശാസ്ത്ര അധ്യാപകനായ വിജയൻ സാർ മുൻകൈ എടുത്തത്. അങ്ങനെരണ്ടു പേരും മതംമാറേണ്ടതില്ല എന്നും കുഞ്ഞ് ജനിക്കുമ്പോൾ പ്രത്യേക മതാചാരപ്രകാരം വളർത്തേണ്ട എന്നും കുട്ടിക്ക് പ്രായപൂർത്തിയാകുമ്പോൾ അവൻ ഇഷ്ടമുള്ള മതം സ്വീകരിച്ചോട്ടേയെന്നും വിജയൻ സാർ തീർപ്പുകൽപ്പിച്ചു. അങ്ങനെഅവരുടെ വിവാഹം കഴിഞ്ഞു.

നാളുകൾ കൊഴിഞ്ഞുപോയി. വൃശ്ചിക മാസം വന്നു. ഗംഗയുടെ വീട്ടിൽ പതിറ്റാണ്ടുകളായി നടന്നുവരാറുള്ള ഉത്സവത്തിന്റെ ഒരുക്കങ്ങൾ തുടങ്ങി. അങ്ങനെആ ദിനം വന്നെത്തി. ഉത്സവത്തിന് കൊടിയേറി, പുതിയ പ്രശ്നങ്ങളും.

ഉത്സവത്തിന്റെ ഓരോ ചടങ്ങുകളും ഭംഗിയായി നടന്നു കൊണ്ടിരുന്നു. ഇനി നടക്കാനുള്ളത് കുലദൈവത്തെ പ്രീതിപ്പെടുത്താനുള്ള ബലിദാനചടങ്ങാണ്. വിധി പ്രകാരം അതിന് കാർമികത്വം വഹിക്കേണ്ടത് മൂത്തമകളുടെ ഭർത്താവാണ്, അതായത് സലീം. സലീം അതിനു സമ്മതം മൂളിയെങ്കിലും മുഖ്യപൂജാരി അതിനെഅംഗീകരിച്ചില്ല. അഹിന്ദുവായ ഒരാൾ പൂജാ കർമ്മങ്ങൾ ചെയ്താൽ ദേവി കോപിക്കും, കുടുംബം നശിക്കും. അതേ സമയം തന്നെ മൂത്തമകളുടെ ഭർത്താവല്ലാത്ത ഒരാൾ ആ കർമ്മം ചെയ്താലും ഇത് തന്നെയാകും ഫലം. അവസാനം സലീമിനെഹിന്ദു മതം സ്വീകരിക്കാനായി ഗംഗയുടെ അച്ഛൻ നിർബന്ധിച്ചു. അങ്ങനെസലീം അതിന് സമ്മതിച്ചു. ബലിദാനച്ചടങ്ങ് തുടങ്ങാറായപ്പോൾ ആർപ്പും വിളികളുമായി ഒരു സംഘം ആളുകൾ അങ്ങോട്ട് കടന്നു വന്നു. സലീമിന്റെ വീട്ടുകാരും മഹല്ല് വാസികളുമായിരുന്നവർ. വിവഹത്തിനു മുമ്പുണ്ടാക്കിയ കരാറിന്റെ ലംഘനമാണ് നടന്നെതെന്നു പറഞ്ഞ് അവർ തർക്കം തുടങ്ങി. തർക്കം വാക്കുകളിൽ നിന്ന് പ്രവർത്തിയിലേക്ക് നീങ്ങിത്തുടങ്ങി. അവിടെ ഒരു വർഗ്ഗീയ ലഹള പൊട്ടിപ്പുറപ്പെട്ടു.

സമൂഹം അംഗീകരിക്കാത്ത വിപ്ലവം മണ്ടത്തരമാണെന്നും മതങ്ങളുണ്ടായാലെ മതേത്വരത്വം ഉണ്ടാവുക എന്നും തിരിച്ചറിവുണ്ടായപ്പോൾ ഗംഗക്കും സലീമിനും പുതിയ തീരുമാനം എടുക്കേണ്ടി വന്നു. ഒരു പോലെ ഒഴുകിയ പുഴ രണ്ടായി വേർപിരിഞ്ഞു. ചോരയുടെ കലക്കു വെള്ളം ഒഴുകിയ പുഴയിൽ മത സൗഹാർദത്തിന്റെ തെളിഞ്ഞ വെള്ളം വീണ്ടും ഒഴുകിത്തുടങ്ങി.



# ഘടികാരങ്ങളുടെ സ്പന്ദനം

(സമർപ്പണം / തിരക്കഥകളുടെ തമ്പുരാൻ ലോഹിതദാസിന്)

(പശ്ചാത്തലത്തിൽ ഒരു ക്ലോക്കിന്റെ സൂചിയുടെ ശബ്ദം)

കറുത്ത സ്ക്രീൻ പതിയെ തെളിയുമ്പോൾ പശ്ചാത്തല സംഗീതത്തോടൊപ്പം സംഭാഷണം

"നഷ്ടപ്പെടലിന്റെ നിഷ്കളങ്കത, കടപ്പാടുകൾ, തീരാപ്പാടുകൾ പിന്നേയോ... പിന്നെ കൂട്ടിച്ചേർക്കലുകൾ, തിരുത്തലുകൾ, തീണ്ടാപ്പാടുകൾ, അങ്ങനെയങ്ങനെ പുഴ പോലെ, തിര കര പോലെ...."

**സീൻ 1**

Short 1: മാർബിൾ തറയിൽ കിടന്ന് ചിത്രം വരയ്ക്കുന്ന 4 വയസ്സുകാരനായ കുട്ടി (അപ്പു)(മിഡിൽ ഷോട്ട്)

ഇടയ്ക്ക് അവൻ എന്തോ ആലോചിക്കുന്നു, എണീറ്റ് വരാന്തയിലൂടെ അകത്തേക്ക് ഓടുന്നു. (long short)

cut to

Short 2 : ഒരുപാട് പഴക്കം തോന്നിക്കുന്ന ഒരു ചാരു കസേര. അപ്പു ചാരുകസേരയിൽ ചാരിക്കിടക്കുന്നു. മുഖത്ത്, നിഷ്കളങ്കമായ ഗൗരവം, ചെറിയ കാലുകൾ മുത്തച്ഛനെ അനുകരിക്കും പോലെ ഇരുവശത്തേയും ചാരുകസേരപ്പടിയിൽ കയറ്റി വെച്ചിരിക്കുന്നു.

(മിഡിൽ ഷോട്ട്)

Short 3 : നിഷ്കളങ്കമായ ഗൗരവം നിറഞ്ഞ അപ്പുവിന്റെ മുഖത്തേക്ക് ക്യാമറ കുറേക്കൂടി അടുക്കുന്നു.

(Close up),

(Fade out)

(പശ്ചാത്തല സംഗീതം)

സീൻ 2

(നൊസ്റ്റാൾജിയ നിറഞ്ഞ പശ്ചാത്തല സംഗീതത്തോടെ തുടരുന്നു)

Short 1 : ചാരു കസേര, അരികിൽ അപ്പു നിൽക്കുന്നു. അപ്പുവിനെവാർദ്ധക്യത്തിന്റെ ചുളിവുകൾ നിറഞ്ഞ ഒരു കൈ ചേർത്തു പിടിച്ചിരിക്കുന്നു.

(മിഡിൽ വ്യൂ)

Short 2 : (Close up) (Side view)

അപ്പുവിന്റെ മുഖവും, ചേർത്തു പിടിച്ച കൈകളും, ചുളിവുവീണ കാലുകൾ കയറ്റി വെച്ച ചാരുകസേരപ്പടിയും കാണുന്നു.

സംഭാഷണം :

അപ്പു : മുത്തച്ഛാ, എന്റെ കൈയിൽ നിന്നും സ്പൂൺ താഴെ വീഴുമ്പോളൊക്കെ എല്ലാവരും എന്നെ വഴക്ക് പറയുന്നു.

മുത്തച്ഛൻ : എന്നെയും.

അപ്പു : പിന്നെ ഞാൻ ചിലപ്പോഴൊക്കെ അറിയാതെ കിടക്കയിൽ മൂത്രമൊഴിച്ച് പോകുന്നു.

മുത്തച്ഛൻ : ഞാനും.

അപ്പുവിന്റെ നിഷ്കളങ്കമായ മുഖത്തു നിന്നും ചുമരിൽ പതിഞ്ഞ മുത്തച്ഛന്റെ നിഴലിലേക്ക് ക്യാമറ നീളുന്നു.

(Close up),

(Fade out)

Cut to

സീൻ 3

(നൊസ്റ്റാൾജിയ നിറഞ്ഞ പശ്ചാത്തല സംഗീതവും സംഭാഷണവും)

" ഹൃദയത്തുടിപ്പ് മുറിക്കപ്പെട്ടതിന് ശേഷം ആദ്യമായിട്ടാണ് ഒറ്റയ്ക്ക് നിൽക്കുന്നത്. പ്രിയപ്പെട്ട വഴീ.. നീ എനിക്ക് ഇടം തരിക, ഞാൻ നിനക്ക് കാല്പാദങ്ങൾ തരാം, പുതിയ നാമ്പും, തളിരും മുളയിടുന്നത് ഇവിടെ വെച്ചാണ്. ഒരു പക്ഷേ നഷ്ടപ്പെടലും തിരുത്തലുകളും തുടങ്ങുന്നതും ഇവിടെ വെച്ചാവാം."

Short 1 :

കോളേജ് മെയ്ൻ ഗേറ്റ്, ഒരു കുട്ടി (18 വയസ് പ്രായം തോന്നിക്കുന്ന) ദൂരെ നിന്നും നടന്നു വരുന്നു. ക്യാമറ മെയ്ൻ ഗാർഡനു മുൻപിൽ, കുട്ടി ക്യാമറക്ക് മുന്നിലൂടെ നടന്ന് ALM Hostel വഴിയിലൂടെ നടന്നു നീങ്ങുന്നു.

Short 1 : Hostel grill കടന്ന് അകത്തേക്ക് നടക്കുന്നു.

(Long Shot)

(Fade out)

(Cut to)

(വെസ്റ്റേൺ മ്യൂസിക്ക് പശ്ചാത്തല സംഗീതമായി വരുന്നു)

കോളേജിൽ കൂട്ടം കൂടി നിൽക്കുന്ന കുട്ടികൾ.

മെയ്ൻ ഗേറ്റിലൂടെ കടന്നു വരുന്ന കുട്ടികൾ. ചെറുതായ് മഴ പെയ്യുന്നു. പലരും കുട ചൂടിയിട്ടുണ്ട്, ലൈബ്രറിയിലും, മറ്റുമായ് കൂട്ടം കൂടി നടക്കുന്ന കുട്ടികൾ.

Short 3 :

(പതിഞ്ഞ പശ്ചാത്തല സംഗീതം, സൈഗാളിന്റെയോ ഉമ്പായിയുടേയോ, ഗസലിന്റേത് പോലെ പതിഞ്ഞ സംഗീതം)

(Cut to)

(Fade out)

(Fade in)

അവൻ ഉൾപ്പെടുന്ന ഒരു ക്ലാസ്റൂം, ടീച്ചർ ക്ലാസെടുക്കുന്നു.

(Cut to)

(Fade out)

(Fade in)

(നീണ്ടു കിടക്കുന്ന വരാന്ത, പശ്ചാത്തല സംഗീതം പതിയെ റൊമാന്റ് സ് നിറഞ്ഞ ജീവിതത്തിലേക്ക് മാറുന്നു)

ക്ലാസ് റൂമിൽ കണ്ട അതേ ആൺകുട്ടിയും, ഒരു പെൺകുട്ടിയും കൂടെ വരാന്തയിലൂടെ നടന്നു പോകുന്നു, ഒരു കോണിൽ ഒരുമിച്ചു നിന്നു സംസാരിക്കുന്നു. ചെറുതായി ചാറ്റൽ മഴയുണ്ട്. അവർ വയലിലേക്ക് നോക്കി നിൽക്കുന്നു. ക്യാമറ അവരുടെ അടുത്തേക്ക് നീങ്ങുന്നു.

(close up)

സംഭാഷണം:

" ഇവിടെ വെച്ചല്ലേ, ആദ്യമായി ഞാൻ നിന്റെ മൗനത്തിന്റെ വിടവിലൊളിച്ചത്.



ആദ്യമായി നഷ്ടപ്പെടാൻ തുടങ്ങിയത്, അന്ന് കാറ്റാടികൾക്കിടയിൽ വെച്ച് നിന്റെ മൗനത്തിൽ ഞാൻ മുങ്ങി മരിക്കാൻ തുടങ്ങിയത്. ”

(Fade out)

സീൻ 4

Short 1 :

മേശപ്പുറത്ത് അലക്ഷ്യമായി കിടക്കുന്ന പുസ്തകങ്ങൾ, പേന, കത്തിച്ചു വെച്ച ബെഡ് ലാംബ്, അവയ്ക്കിടയിൽ ഒരു മൊബൈൽ ഫോൺ. ഫോൺ പെട്ടെന്ന് റിംഗ് ചെയ്യുന്നു.

(close up)

ഒരു കൈ കൊണ്ട് ഫോൺ എടുക്കുന്നു. മെസ്സേജ് ഇൻബോക്സ് ഓപ്പൺ ചെയ്യുന്നു.

(Message :- Hai...dis Z me

i'm sndin dis , mesg not 2

dstrb u...., jst 2 say a

sorry....so i'm, really sorry.....

pls don b, angry vth me

....Gud nyt.....)

ഒരു നിമിഷത്തിന് ശേഷം മെസ്സേജും വിഭ്രാന്തി പരത്തുന്ന അവന്റെ മുഖവും മാറിമാറി കാണിക്കുന്നു. (പശ്ചാത്തല സംഗീതം: ചെണ്ട)

(Fade out)

സീൻ 5

(വളരെ നിഗൂഢതകൾ നിറഞ്ഞ ഒരു പശ്ചാത്തല സംഗീതത്തോടെ തുടങ്ങുന്നു.)

Short 1 :

ഒരുപാട് മരങ്ങൾ നിറഞ്ഞ ഒരു പ്രദേശം.

(മിഡിൽ വ്യൂ)

മുഖം വ്യക്തമാകാതെ രണ്ടു പേർ നിൽക്കുന്നു. ഒരാൾ മരങ്ങളെ ചുറ്റി എന്തൊക്കേയോ പറയുന്നുണ്ട്. രണ്ടാമൻ കീശയിൽ നിന്നും ഒരു കെട്ട് കാശെടുത്ത് എണ്ണി തിട്ടപ്പെടുത്തി ഒന്നാമന് നൽകുന്നു.

Short 2 :

മരം മുറിക്കുന്ന ശബ്ദവും, മരത്തിന് വാളുവെക്കുന്ന ശബ്ദവും കേൾക്കുന്നു. ഒരു കൂട്ടം പണിക്കാർ ചേർന്നു മരം മുറിക്കുന്ന ദൃശ്യം. ഒടുവിൽ ഒരു മരക്കുറ്റിയിൽ നിന്നും കരയൊലിക്കുന്നത് ദൃശ്യമാവുന്നു.

സംഭാഷണം :

“ ഇവിടെ വെച്ചാണ് മുറിച്ചു മാറ്റലുകളും ഒറ്റുകൊടുക്കലുകളും തുടങ്ങിയത്. കുറ്റബോധമില്ലാത്ത ഒറ്റുകൊടുക്കപ്പെടലുകൾ, കാലണയ്ക്ക് വേണ്ടി തുടർന്നു കൊണ്ടേയിരുന്നു.”

(Fade out)

സീൻ 6 , Short 1 :

(ദയനീയമായ ഒരു പശ്ചാത്തല സംഗീതം)

മുൻപ് കാശെണ്ണിക്കൊടുത്ത വ്യക്തിയോട് സാദൃശ്യം തോന്നുന്ന ഒരു വൃദ്ധൻ, വെളുത്ത മുണ്ടിൽ ചളി പുരണ്ട് വൃത്തികേടായിരിക്കുന്നു. ഷർട്ടിലും ആവശ്യത്തിലധികം ചളി. ഒരു കൈക്ക് സ്വാധീനം നഷ്ടപ്പെട്ടിരിക്കുന്നു.

Short 2 :

ഒരുപാട് പത്രങ്ങൾ കൂട്ടിയിട്ടിരിക്കുന്നു. അയാൾ അതിൽ നിന്ന് ഓരോ ഏടുകളായി എടുത്ത് അലക്ഷ്യമായി മറിച്ച് നോക്കുന്നു. പത്രത്തിലെ ചിത്രങ്ങളെ നോക്കി അയാൾ എന്തൊക്കെയോ പിറുപിറുക്കുന്നു.

Short 3 : (Close up)

കണ്ണുനീർ ഉണങ്ങിപ്പിടിച്ച അയാളുടെ കണ്ണുകളും, അലക്ഷ്യമായി കിടക്കുന്ന പത്രത്തിലെ ചിത്രങ്ങളേയും, അക്ഷരങ്ങളേയും തടവുന്ന മുരടൻ കൈകളും മാറി മാറിക്കാണിക്കുന്നു.

(Cut to)

Short 4 :

ഒരു വൃദ്ധസദനം,

ക്യാമറ ഒരു പ്രാവശ്യം അവിടെയുള്ള എല്ലാ വൃദ്ധൻമാരേയും വൃദ്ധകളേയും പതിയെ ഒന്നുവലം വെക്കുന്നു.

(Slow motion)

സ്ക്രീനിൽ പതിയെ കറുപ്പ് പടരുന്നു.

(ദയനീയമായ പശ്ചാത്തല സംഗീതവും സംഭാഷണവും കേൾക്കുന്നു.ഇടയ്ക്കിടെ clock - ലെ second സൂചിയുടെ ചലനവും അവ്യക്തമായി കേൾക്കാം)

സംഭാഷണം :

" പ്രിയപ്പെട്ട വഴീ, നീ എനിക്ക് ഇടം തന്നു, ഞാൻ നിനക്ക് കാൽപ്പാടുകളും; പുതിയ നാമ്പും, വസന്തവും, പേമാരിയും, വേനലും വന്നു. ഇനി ഇടപെടലുകൾ കൊഴിഞ്ഞ് സന്ധ്യയിലേക്കടുക്കട്ടെ, ആദ്യമായി ഒളിച്ചത് അവളുടെ മൗനത്തിന്റെ വിടവിലായിരുന്നു. ഇനി.....സന്ധ്യേ നിന്റെ മൗനത്തിന്റെ വിടവിൽ ഞാൻ ഒളിക്കുന്നു."

സീൻ 7, Short 1 :

(സംഭാഷണം കഴിഞ്ഞ് കറുപ്പ് നിറഞ്ഞ സ്ക്രീൻ തെളിയുന്നു.)

(ഓടക്കുഴലും വയലിനും പശ്ചാത്തല സംഗീതമായി കേൾക്കുന്നു.)

അപ്പു തന്റെ നിഷ്കളങ്കമായ ഗൗരവം വിടാതെ ഒരു വിരൽ വായിൽ വെച്ച്, എത്താത്ത ചെറിയ കാലുകൾ ചാരുകസേരപ്പടിയിൽ കയറ്റി വെച്ച് ചാരുകസേരയിൽ ഊർന്ന് കിടക്കുന്നു.

ക്യാമറ ദൂരെ നിന്നും അപ്പുവിന്റെ മുഖത്തേക്കായി വരുന്നു. ചിത്രത്തിൽ പതിയെ ഇരുട്ട് വീഴുന്നു. അതോടൊപ്പം ഘടികാരത്തിന്റെ സ്പന്ദനവും കേൾക്കുന്നു.

**caption : "ഘടികാരങ്ങളുടെ സ്പന്ദനം "**


റസീബ. എം.പി
ഒന്നാം വർഷ അറബിക് & ഇസ്‌ലാമിക് ഹിസ്റ്ററി



# മമ്മി പറഞ്ഞത്

എന്റെ മമ്മി എന്നും രാവിലെ എനിക്കൊരു കപ്പ് കോള തരും, നല്ലവണ്ണം തണുപ്പിച്ച കോള. ഞാനത് കുടിക്കാഞ്ഞാൽ മമ്മി എന്നോട് പിണങ്ങി ഗാന്ധിയുടെ സമരമുറ പുറത്തെടുക്കും അത് കൊണ്ട് ഞാനത് പാതി മനസ്സോടെ കുടിക്കും. കപ്പ് ഞാൻ ചുണ്ടോടെ അടുപ്പിക്കുമ്പോൾ ടിവിയിൽ കോള ഫാക്ടറിയിലിരുന്ന് അമീർഖാൻ പറയും "കോള നൂറ് ശതമാനം സുരക്ഷിതമാണന്ന്". എന്നിട്ട് 'ജീവിതം എൻജോയ് ചെയ്യൂ' എന്ന ഡയലോഗും. ചാനൽ മാറ്റുമ്പോൾ തന്നെ 'ഹായ് ബബ്ലി' എന്ന് പറഞ്ഞ് ബോളിവുഡ് സ്റ്റാർ ഷാറൂഖ്ഖാനുമെത്തും. ഇത് കാണുമ്പോൾ ഞാൻ ഒറ്റ ശ്വാസത്തിൽ തന്നെ അകത്താക്കും. ഞാൻ സൽമാൻ ഖാനെപോലെ ഊർജ്ജോവതിയാവണമെന്നാണ് മമ്മിയുടെ ആഗ്രഹം. സാനിയയെപ്പോലെ, സൈനനഹ്‌വാളിനെപോലെ വളർന്ന് പന്തലിക്കണമെന്നും. രാഷ്ട്രീയക്കാരെ പോലെ അഴിമതി നടത്തി കോടിപതിയാവണം. എന്നിട്ട് ഹോട്ടൽ ശൃംഖലകളും റസ്റ്റോറണ്ടും എസ്റ്റേറ്റും വാങ്ങണം. മുഖംമൂടിയിട്ട രാഷ്ട്രീയക്കാരിയായി, ജനങ്ങൾക്ക് പ്രിയങ്കരിയാവണം. എന്നിട്ട് സമരമുഖത്ത് കത്തിജ്വലിച്ച് അനാഥകൾക്കും അഗതികൾക്കും സഹായമെത്തിക്കണം. ഒടുവിൽ ഒരു നന്മപുത്രനെസ്വന്തമാക്കി മാതൃകാദമ്പതികളായി കഴിയണം. അവസാനം ഒരു വി.ഐ.പി രോഗം പിടിപ്പെട്ട് ജനങ്ങൾക്ക് തീരാനഷ്ടമായി തീരണം.

Mohammed. T II[nd] Bsc statistics



# MY BRIGHTEST STAR

After lying awake in the bed for a long time, lighting a cigar, I moved to my bedroom window. Many stars twinkled brightly in the dark sky. Among those stars, I reached for the brightest one, that is her, the one I loved a lot, no, the one I love. I believe in those tales that grandma told me during my childhood. The rebirth of our loved ones as stars after their death. I can see her every night.

Our first encounter was during the fresher's day party, an attractive name for the ragging session. Just like any other senior boys, I too went there searching for a prey. Our gang was the most dangerous one and I was one of its most crooked characters. For any outsider, Freshersdays are organized to bring out the hidden talents of the newcomers. The dark houses are to be identified. But for us it was fun. Our main aim was to trouble them, especially, the girls. One after other, juniors came onto the stage and obeyed anything and everything we told. They were instructed to do many stupid things and we did not leave any occasion of laughter. The next girl was also called onto the stage. She stood the shivering from top to bottom. At first I felt it a bit funny,

but later when she cried, feeling hurt, her tears touched my heart. It was the only occasion in my college life which made me that sad. I don't know why, but I wanted my friends to stop hurting her. No voice came out of my mouth. She left the stage and it gave some kind of weight to my heart.

At night I was the only person in the hostel, roaming hear and there. I was not asleep but I dreamt. The only face that I saw in all those dreams where that of hers. I knew her name, Radhika, an Arts student. I wanted to apologise to her the next morning itself, but the night was too long for me. At last, it came, the much awaited morning.

In the morning session itself I met her. When she saw me, I noticed some sort of fear in her eyes. but my apology changed everything. We talked to each other for a while. I told her about my whereabout and she too was happy to share her dreams and fears about the campus. I promised her to take the charge of her care taker and at that she gave a soft smile. The weight that I felt last night was getting less. Whenever she smiled, I felt as if the whole universe was smiling at me. Slowly we became friends. No it was not friendship, but something beyond it.

Slowly the so-called friendship changed into a strong liking for each other. Soon, we realised that our destiny was the same. There was a common aspect in our life, we both were orphans. I had no idea regarding my parents as I was brought up in a convent till the age of Eighteen. But Radhika lost her parents during her childhood. She was in need of someone to take care of and I was in need of love. when we both decided to be together, our needs automatically got fulfilled.

On a Christmas eve, we began a new life. The days of joy, no the days of ecstasy. She was a bliss and I began to enjoy my life Days passed as smooth as a flowing river and brought new light into our life. It was our first wedding anniversary that brought the new light, soon God will bless us with a little Radhika. More than anything else, I was grateful to her. I showed my happiness by fulfilling all her wishes and needs. But the God was jealous. One morning, while coming down the stairs she fell down... I lost both, my life and my dream. The almighty cheated me, I lost everything, she went away from me... far away.

Years passed. Those days still lives inside me. The God played his dirty trick on my life to weaken me . But I know, I am strong. She is my strength. I can see her every night. But still, my eyes doesn't care to listen my determined thoughts, and follows my heart which is over flowing with agony.

ജാഫർ ടി.പി
ഒന്നാം വർഷ ബി.ബി.എ



# പ്രണയത്തിൽ നിന്നൊരേട്

എന്റെ അവസ്ഥ വല്ലാത്തതല്ലേ? എല്ലാം അറിഞ്ഞിട്ടും ഒന്നും അറിയാത്ത പോലെ..., എല്ലാം പറഞ്ഞിട്ടും ഒന്നും പറയാത്തപോലെ... സ്വപ്നങ്ങളിൽ മാത്രം കണ്ട, ഒരിക്കലും നേരിൽ കാണില്ലെന്ന് കരുതിയ ഒരാൾ കൺമുന്നിൽ വന്നു നിന്നാൽ...? ഷോക്കവും. ആ ഷോക്കല്ലേ എനിക്കുണ്ടായത്?...ഉം...

എന്റെ ജീവിതവും ഒരു കടങ്കഥപോലെ, ഉത്തരം കിട്ടാത്ത കുറേ ചോദ്യ ങ്ങൾ!!!

സ്വപ്നങ്ങൾ കാണാം. പക്ഷെ അവയെക്കെ യാഥാർത്ഥ്യമാകണമെന്ന് വാശിപിടിക്കരുത്. കാരണം, എന്റെ സ്വപ്നങ്ങളെല്ലാം സ്വപ്നങ്ങൾ മാത്രമാണ്. യാഥാർത്ഥ്യവുമായി അവയ്ക്കുള്ള അകലം വളരെ കൂടുതലും. പരിചയപ്പെട്ടു. സുഹൃത്തുക്കളായി. കൂടുതൽ അടുക്കാൻ തുടങ്ങിയപ്പോൾ അകലാൻ ശ്രമിച്ചു... എന്നിട്ടും പലപ്പോഴും അടുത്തു... ഒന്നും പറയാതെ തന്നെ എന്തൊ ക്കെയോ പറഞ്ഞു... പക്ഷെ, ഒന്നും വേണ്ട... ഒന്നും... എല്ലാം മനസ്സിൽ ഒരു കഴി കുത്തി അതിലിട്ട്മൂടണം. ഞങ്ങൾ നല്ല സുഹൃത്തുകൾ മാത്രമാണ്. എങ്കിലും ആ കണ്ണിലും എന്റെ കണ്ണിലുമുണ്ടാവാറുള്ള അതെ തിളക്കം. ഒരു പക്ഷെ എന്റെ തോന്നലാവാം...!

സ്നേഹം, സന്തോഷം എന്നൊക്കെ പറയുന്നത് എന്നന്നേക്കും നാം കൊടു ക്കേണ്ടതാണ്. അല്ലാതെ കുറച്ച് കാലം ഒരാളെ സ്നേഹിച്ച് അയാളുടെതാകും

എന്ന വാക്ക് കൊടുത്തതിന് ശേഷം അയാളെ തനിച്ചാക്കിയാൽ..? അതെല്ലേ പാപം? ആ പാപം ഞാൻ ചെയ്യില്ല.. അങ്ങനെയൊരു ചതി ചെയ്യുന്നതിലും നല്ലത് ആ...

ഇഷ്ടം തുറന്ന് പറയാതെ എന്നും മനസ്സിൽ തന്നെ സൂക്ഷിക്കുന്നതാണ്.

അപ്പോൾ എനിക്കല്ലേ വേദനിക്കൂ...

അയാൾ വേദനിക്കില്ലല്ലോ...!

പക്ഷെ, ഈ വേദനവല്ലാത്തതാണ്. മനസ്സിനെനൂറ് നൂറ് കഷ്ണങ്ങളായി അത് മുറിക്കുന്നു.

സ്വപ്നങ്ങൾക്കോ ആഗ്രഹങ്ങൾക്കോ എന്റെ ജീവിതത്തിൽ ഒരു വിലയുമില്ല. എന്റെ ജീവിതം മറ്റാരുടെയൊക്കയോ കണക്ക് പുസ്തകമാണ്. ഇവിടെ എന്റെ ദിനങ്ങളും ആശകളും കൂട്ടുകയോ? കിഴിക്കുകയോ? അറിയില്ല.

എല്ലാം മനസ്സിലാക്കിട്ടും എന്തിനാണ് ഞാൻ വീണ്ടും വീണ്ടും സ്വപ്നങ്ങൾ നെയ്തുകൂട്ടുന്നത്? ഇത് സ്വയം പീഢിപ്പിക്കുന്നതിന് തുല്യമാണ്. സെൽഫ് ടോർച്ചറിങ്.

ഈ വഴിയേ എന്റെ മുന്നിലുള്ളു...

ഈ ഒരു വഴിമാത്രം !!!

എല്ലാം അറിഞ്ഞിട്ടും മനസ്സിലാക്കിയിട്ടും ഞാൻ എന്തിനാണ് എന്നെ തന്നെ ചതിക്കുന്നത്?

ചതിക്കുന്നു അത്രതന്നെ!

പക്ഷെ, ഈ ചതിക്ക് ചന്ദനതിരിയുടെ ഗന്ധം!

മരണത്തിന്റെ സുഗന്ധം!!

ഇപ്പോൾ ഞാൻ ഒരേ സമയം മരണമെന്തന്നറിയുന്നു, ജീവിതവും...

മരണത്തിനാണ് പക്ഷെ മുൻഗണന.

ജീവിതം പലപ്പോഴും അധികപറ്റാകുന്നു,

ക്ഷണിക്കാതെ വരുന്ന അതിഥിയെ പോലെ.

മരണമെന്ന ചുഴിയിലേക്കെടുത്തു ചാടിയാലോ.?

ജീവിതത്തിന്റെ കഴ്പ് അത് ശരിക്കറിയട്ടെ..

എന്നിട്ട് മരണത്തിന്റെ മധുരം നുണയാം.

കരഞ്ഞ് കരഞ്ഞ് തളർന്ന് ഉറങ്ങിയുണരുമ്പോൾ

ചിരിക്കാൻ മറന്നുപോകാതിരിക്കുക..

വെളിച്ചത്തേക്കാൾ ഇരുട്ടിനെല്ലേ ഭംഗി?

എന്നാൽ ജീവിതത്തിലെ ഇരുട്ട്, അത് വേദനിപ്പിക്കുന്നതാണ്...


ഏകാന്തതക്കും അതിന്റേതായ സൗന്ദര്യമുണ്ട്...

പലപ്പോഴും ഞാനത് തിരിച്ചറിയുന്നില്ലെന്ന് മാത്രം!!

മഹത്തായ ചിന്തകളുടെ, ആശയങ്ങളുടെ

ഉത്ഭവം ഏകാന്തതയിൽ നിന്നാണ്!!

ദിൽറുബ. കെ
ഒന്നാം വർഷ സാമ്പത്തിക ശാസ്ത്രം.



# സൗന്ദര്യം

അവളൊരു ധീര വനിതയാണ്. വൈരൂപ്യത്തെയല്ലാതെ മറ്റൊന്നിനേയും അവൾക്ക് ഭയമില്ലായിരുന്നു.

കരയുന്ന കുഞ്ഞിന്റെ വായിൽ ടിൻഫുഡ് കുത്തിത്തിരുകിയ അവളെക്കുറിച്ചാലോചിച്ച് ലോകം അഭിമാനം കൊണ്ടു. സൗന്ദര്യ സംരക്ഷണത്തിൽ യൂവജനങ്ങൾക്ക് മാതൃകയായ അവളെ ജനം അവാർഡുകൾ കൊണ്ട് മൂടി.

മാറിലൂറിയ അമ്മിഞ്ഞപ്പാലു പോലും അവളുടെ മേക്കപ്പ് ബോക്സിലെ ചായങ്ങൾക്കിടയിൽ കുടുങ്ങി വരണ്ടുപോയി.

കാലമേറെ കഴിഞ്ഞപ്പോൾ ജനം പത്രത്തിൽ വായിച്ചു.

"അമ്മയെ പുഴുങ്ങി കഷ്ണങ്ങളാക്കി ടിന്നിലടച്ച മകൻ അറസ്റ്റിൽ!!"

അപ്പോഴേക്കും ലോകം അവളെ മറന്നിരുന്നു.


---

# സ്വപ്നം

അയാൾ സ്വപ്നം കാണാറേ ഇല്ലായിരുന്നു. സ്വപ്നങ്ങളില്ലാത്ത ജീവിതം അർത്ഥശൂന്യമാണെന്ന് ആരോ അയാളോട് പറഞ്ഞു. സ്വപ്നങ്ങൾക്കായുള്ള കൊതി മൂത്ത് അയാൾ സുഹൃത്തിന്റെ സ്വപ്നങ്ങൾ രണ്ട് ദിവസത്തേക്കായി കടം വാങ്ങി. ഒരു ദിവസം കഴിഞ്ഞപ്പോഴേക്കും സ്വപ്നങ്ങളുടെ ചുടുഗന്ധത്താൽ അയാളുടെ മാംസം ഉണങ്ങിപ്പോയി!!

സ്വപ്നങ്ങൾ തിരിച്ച് കൊടുക്കാനായി അയാൾ സുഹൃത്തിന്റെ അടുത്തേക്കോടി... "സ്വപ്നങ്ങളില്ലാതെ ശ്വാസംമുട്ടി മരിച്ച സുഹൃത്തിനെയാണ് അയാൾ കണ്ടത്!!"

ഫെബ്നമൂർക്കത്ത്
ഒന്നാം വർഷ സാമൂഹ്യ ശാസ്ത്രം



# തിരകൾക്കപ്പുറത്ത് നിന്ന് സ്നേഹപൂർവ്വം...

ദിനരാത്രങ്ങൾ അനന്തതയിലേക്ക് കുതിച്ചുയരുമ്പോൾ ഒരു പ്രഭാതത്തിൽ വാതിലിൽ മുട്ടിയെത്തുന്ന അതിഥിയായിരിക്കണം ഞാൻ നിനക്ക്... പടിയിറങ്ങി അറബിപ്പൊന്നും തേടി യാത്രയാകുമ്പോൾ കർട്ടനിനിടയിലൂടെ ഞാൻ കണ്ട നിര് വറ്റിയ നിൻ നയനങ്ങൾ ഉള്ളിലൊരു നീറ്റലാകുന്നു... എഴുതിയിട്ടും അർത്ഥം ചോർന്ന് പോകുന്ന ഏകാന്തതയിൽ പൊതിഞ്ഞ കത്തുകൾക്കിടയിൽ നമ്മുടെ ജീവിതം തിരകൾക്കിടയിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്നു... ഹൃദയം പറിച്ച് നിന്നെ ഏൽപ്പിച്ച് പോരുമ്പോൾ വഴിനീളെ ചോരയിറ്റി വീഴുന്നുണ്ടായിരുന്നു.... മണലാരണ്യത്തിന്റെ എരിതീയിൽ കിനാക്കൾ വെന്തുടഞ്ഞു കൊണ്ടിരിക്കുന്നു... ജീവിതകാലത്തിൽ സ്വപ്നങ്ങൾ പാകമറിഞ്ഞപ്പോഴും ഇറക്കിവെക്കാനാകാതെ നിസ്സംഗനായി നോക്കി നിൽക്കുകയായിരുന്നു... മാമ്പഴച്ചാറ് മണക്കുന്ന ഭൂതകാലത്തിന്റെ ഓർമ്മകൾ മനതാരിനെഈറനണിയിക്കുന്നു.... പകുതി കീറിയ കുപ്പായവും, പിന്നിപഴകിയ ട്രൗസറുമണിഞ്ഞുതീർത്ത് ബാല്യം എത്ര വേഗത്തിലാണ് പൊയ്പ്പോയത്... കരി മലമുകളിൽ നിന്നും മുളന്തണ്ടു ചീന്തി കളിവീടൊരുക്കിയതും, ചിരട്ടപ്പൊട്ടുകളിൽ മണ്ണപ്പം ചുട്ടതും, മാമ്പഴത്തിനായി അണ്ണാറക്കണ്ണനോട് കെഞ്ചിയതും, ഇന്നലെ കഴിഞ്ഞപോൽ അകതാരിൽ തെളിഞ്ഞ് നിൽക്കുന്നു. എരിയുന്ന വയറിന് ശമനമേകാൻ അയൽ വീട്ടിലെ വിഴുപ്പലക്കിയെത്തുന്ന



ഉമ്മയുടെ മടിയിൽ പൊതിഞ്ഞ ഏതാനും വറ്റുകൾ... അസഹ്യമായിരുന്നെങ്കിലും ആ വിശപ്പിനും, പഴഞ്ചോറിനും സ്നേഹത്തിന്റെ ഗന്ധമുണ്ടായിരുന്നു... പിന്നിത്തുടങ്ങിയ ഉമ്മാന്റെ പേഴ്സും, മിച്ചം പിടിച്ച് വെക്കുന്ന പെങ്ങളുടെ നാണയത്തുട്ടുകളുടെ മൺതൊണ്ടും പൂജ്യങ്ങളായപ്പോഴാകാം ജന്മനാടിന്റെ ഹൃദയ സ്പന്ദനങ്ങളറിയിക്കാതെ, ഈ മണ്ണെനിക്ക് ഭ്രഷ്ട് കൽപ്പിച്ചത്.

സ്കൂളിന്റെ വാതിലുകൾ കൊട്ടിയടക്കപ്പെടുന്ന വേനലവധികളിൽ പള്ളിക്കൂടങ്ങൾ കണക്കെ നാം ഒത്തു ചേരുമായിരുന്നു. തോടിന്റെ വക്കിലിരുന്ന് ചെളിപുരണ്ട വസ്ത്രവുമായി നീ ഓടി വരുന്നതും, കാത്തുവെച്ച മഞ്ചാടികൾ എനിക്ക് സമ്മാനിക്കുന്നതും ഇന്നും എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. വാകമരച്ചോട്ടിലെ നേർത്ത തണുപ്പിൽ നാം പാവക്കുട്ടികളുടെ അച്ഛനും, അമ്മയുമായി.... പുഴക്കരയിലെ മണലും, പുളിയിലകളും, തുമ്പപൂക്കളും ഞാൻ ശേഖരിച്ചു. അത് പിന്നീട് ചോറും കറികളുമായി നീയെനിക്ക് നീട്ടുമ്പോൾ പ്ലാവില കുത്തിയ കയിലിൽ ഞാനാ സദ്യ എത്ര ഉണ്ടിട്ടുണ്ടെന്നോ...? വാകമരച്ചോട്ടിലെ നമ്മുടെ കൊട്ടാരത്തിൽ ഞാൻ രാജകുമാരനും, നീ രാജകുമാരിയുമായി.. കളി വീടിന്റെ ഉമ്മറത്തിരുന്ന് കാരണവർ കണക്കെ നീ നീട്ടുന്ന തെങ്ങിന്റെ വേരും, വേലിച്ചെടിയുടെ പൂവും കൂട്ടിച്ചേർത്ത മുറുക്കാൻ ഞാനെത്ര തിന്നിട്ടുണ്ടെന്നോ... വീരപുരുഷൻ കണക്കെ പുളിയുറുമ്പുകളുടെ ശല്യം കണക്കാക്കാതെ മാവിൽ ഇരച്ചുകയറി നിന്റെ ചിരി കാണാൻ മാത്രം എത്ര മാമ്പഴങ്ങൾ ഞാൻ നിനക്ക് സമ്മാനിച്ചു. കണ്ണാരംപൊത്തിയും, പൂച്ചാങ്കുഴൽ ചമച്ചും നാം ബാല്യം ആഘോഷിക്കുകയായിരുന്നു. ഒരു സ്വപ്നം കണക്കെ ഉണർന്നപ്പോൾ മാഞ്ഞുപോയ മരീചികയായിരിക്കണം ബാല്യമിപ്പോൾ... ബാധ്യതകളുടെ വിഴുപ്പു ഭാണ്ഡവും പേറി ഞാനെന്നാണ് പ്രവാസിയായത്...?

അകലെയിരുന്നാണെങ്കിലും കളിത്തോഴീ... നിന്റെ ഗദ്ഗദങ്ങൾ എനിക്ക് കേൾക്കാനാകുന്നുണ്ട്.... നേർത്ത കരച്ചിലിൽ നീ ബാക്കിയാക്കുന്ന നനവിൽ ഞാൻ ഭൂമിയോളം ചെറുതാവുകയാണ്. വിദൂരത്തിരുന്നാണെങ്കിലും നിന്റെ മിഴിനീർ ഒന്നെനിക്ക് തുടക്കാനായെങ്കിൽ... കൈ നീട്ടി ഒന്ന് തൊടാനായെങ്കിൽ... വേറൊന്നിനുമല്ല... ഒന്നു സമാശ്വസിപ്പിക്കാൻ... കരയല്ലെ എന്ന് പറയാൻ... നീയെന്താണ് മൗനിയാകുന്നത്.. ഒരു വാക്കെങ്കിലും പറയ് നീ.. നിശബ്ദത എന്നെ ഭ്രാന്തനാക്കുന്നു...

സ്വപ്നങ്ങളുടെ കരിവളയണിഞ്ഞ്, കൊലുസുകളുടെ കിളിക്കൊഞ്ചലുമായെത്തിയ ഒരു പെണ്ണിനെജീവിതത്തിലേക്ക് കൈപിടിച്ച് കൊണ്ട് വന്നത് വിരഹത്തിന്റെ അശ്രുകരങ്ങളിൽ മുക്കിക്കൊല്ലാനായിരുന്നുവോ... ആഴ്ചകളുടെ കണക്കുമായി പിരിയുമ്പോൾ നീ മുഖം പൊത്തിക്കരഞ്ഞതും, വിറയാർന്ന കൈകളിൽ മോഹങ്ങൾ വീണ് തളർന്നതും ഞാൻ കാണുന്നുണ്ടായിരുന്നു.... അക്ഷരങ്ങളുടെ ചൂടും തണുപ്പും നിന്റെ വാക്കുകളിലൂടെ ഞാനറിയുന്നു. ഒരുമിച്ച് നീങ്ങേണ്ട ജീവിത നൗകയിൽ നിന്നും ഒരു സായാഹ്നത്തിൽ ഞാൻ എടുത്ത് ചാടിയത് അലകടലിൽ നിന്നെ ഏകയാക്കാനായിരുന്നില്ല.. അസ്തമയ ശോണിമക്കുമപ്പുറം ഒരുപാട് നാളെകളുണ്ടെന്ന് നാമറിഞ്ഞിരുന്നല്ലോ.... ചോർന്നൊലിക്കുന്ന കൂരക്കും തീ പുകയാത്ത അടുപ്പിനും പുനർജന്മം അനിവാര്യമായിരുന്നു... വിശന്നു പൊരിഞ്ഞ ബാല്യത്തിന്റെ വറുതിയിൽ സ്നേഹം മധുരമിട്ട് തരുന്ന മാതൃഹൃദയം... ഉമ്മയുടെ കണ്ണുനീരിന്റെ ഉപ്പുരസം വേണ്ടുവോളമറിഞ്ഞ എനിക്ക് പ്രവാസിയുടെ അഴിക്കാൻ കഴിയാത്ത കുപ്പായമിടേണ്ടത് അത്യാവശ്യമായിരുന്നു. എന്റെ അക്ഷരങ്ങൾക്ക് മിഴിനീരിൽ കുതിർന്ന് ആകൃതി നഷ്ടമാവുകയാണ്. കണ്ണ് കൊണ്ടല്ലാതെ, കാണുകയും, കാതു കൊണ്ടല്ലാതെ കേൾക്കുകയും ചെയ്ത് കൊണ്ടായിരുന്നല്ലോ നമ്മുടെ സ്നേഹം തളിർത്തതും, പൂത്തതും... നേർത്ത സ്വപ്നങ്ങളും, മിഴിനീർത്തുള്ളികൾക്കുമപ്പുറം ഇന്നലെകളും ബാക്കിയാകുന്നു... പോയ കാലത്തിന്റെ മാധുര്യത്തിൽ ഇന്നിന്റെ കയ്പ്പിനെനമുക്ക് മറക്കാം...

> ചോർന്നൊലിക്കുന്ന കൂരക്കും തീ പുകയാത്ത അടുപ്പിനും പുനർജന്മം അനിവാര്യമായിരുന്നു... വിശന്നു പൊരിഞ്ഞ ബാല്യത്തിന്റെ വറുതിയിൽ സ്നേഹം മധുരമിട്ട് തരുന്ന മാതൃഹൃദയം... ഉമ്മയുടെ കണ്ണുനീരിന്റെ ഉപ്പുരസം വേണ്ടുവോളമറിഞ്ഞ എനിക്ക് പ്രവാസിയുടെ അഴിക്കാൻ കഴിയാത്ത കുപ്പായമിടേണ്ടത് അത്യാവശ്യമായിരുന്നു.

ഒരുപാട് വർഷങ്ങളുടെ അന്തരങ്ങൾക്കൊടുവിൽ ഒരു വേനവലധിക്കാലത്ത് ഞാനെത്തും. ഇനിയും നമുക്ക് കളിവീടൊരുക്കണം.. നമ്മുടെ പൂവാകച്ചോട്ടിൽ സ്വർഗ്ഗം പണിയണം... കണ്ണാരം പൊത്തിക്കളിച്ച നേരത്ത് ഓടിയൊളിച്ച ബാല്യത്തെ തിരയണം... നാം വൃദ്ധരായിട്ടില്ലെന്ന് മാമ്പഴങ്ങളെങ്കിലുമറിയണം. നാമിപ്പോഴും പണ്ടത്തെ വികൃതികളാണെന്ന് കരിയിലക്കാറ്റെങ്കിലുമറിയണം.. ഇരുൾ പരന്നാലും നമുക്ക് നമ്മുടെ പുൽമേടുകളിൽ മേയണം. കാലയവനികൾക്കതീതരായി ബാല്യങ്ങളായി നമുക്ക് വാഴണം.